"പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.-യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിലെ സാമ്പത്തിക മേഖലയിലെ വിപ്ലവകരമായ തീരുമാനമായ ബാങ്ക് ദേശവൽക്കരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്താനുള്ള നീക്കമാണിത്. കേരളത്തിലെ സാധാരണക്കാരായ ലക്ഷക്കണക്കിന് കുടുംബങ്ങൾ ഭീതിയോടും ആശങ്കയോടും കൂടി നോക്കിക്കാണുന്ന ഈ തീരുമാനം പിൻവലിക്കാൻ എസ്.ബി.ടി. മാനേജ്മെന്റിനോട് നിർദ്ദേശം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു."

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ജൂലൈ 27 - ാം തീയതി ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം സഭയിൽ കൊണ്ടുവന്നിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ചൊരു പ്രമേയം കൊണ്ടുവരുമെന്ന് അന്ന് സഭയ്ക്ക് ഉറപ്പുനൽകിയതാണ്. അതനുസരിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രമേയം അവതരിപ്പിച്ചത്.

പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ശൂന്യവേള

സർവ്വകലാശാലയ്ക്ക് പേര് നൽകൽ

3.26 PM]

മി. സ്പീക്കർ : 2015 - ലെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീമതി ജമീലാ പ്രകാശം ഒരു ക്രമപ്രശ്നം നൽകിയിട്ടുണ്ട്. അവിടത്തെ പ്രോ-വൈസ് ചാൻസലർ നൽകിയ ഒരു പ്രസ്താവന സംബന്ധിച്ചാണ് ക്രമപ്രശ്നം. ആ പ്രസ്താവനയിൽ മുൻ രാഷ്ട്രപതിയുടെ പേര് ആ സർവ്വകലാശാലക്ക് നൽകുമെന്ന് പ്രോ-വൈസ് ചാൻസലർ പരസ്യപ്രസ്താവന നടത്തി എന്നുള്ളതാണ് ക്രമപ്രശ്നത്തിലൂടെ വന്നിരിക്കുന്നത്. നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരിക്കലും അത്തരത്തിൽ പ്രോ-വൈസ് ചാൻസലർ ഒരു പരസ്യപ്രസ്താവന നടത്താൻ പാടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് തീരുമാനിക്കേണ്ടേത് ഈ സഭയാണ്. സഭയുടെ പരിഗണനയിലുള്ള ഒരു ബില്ലിന്റെ പേര് മാറ്റുമെന്ന് പത്രമാധ്യമംവഴി പ്രോ-വൈസ് ചാൻസലർ നടത്തിയിട്ടുള്ള പ്രസ്താവന ക്രമവിരുദ്ധമാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇത്തരത്തിലുള്ള പ്രസ്താവന ഉദ്യോഗസ്ഥർ നടത്തുന്നത് ആശാസ്യമല്ല. ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ചെയർ റൂൾ നൽകുന്നു.

ശ്രീ. സി. ദിവാകരൻ : സർ, സഭ നടന്നുകൊണ്ടിരിക്കുകയാണ്. സഭ നടന്നു കൊണ്ടിരിക്കുമ്പോൾ സഭയെയും മന്ത്രിസഭയെയും മുഖ്യമന്ത്രിയെയും ഇരുട്ടിലാക്കിയിട്ട് പരസ്യപ്രസ്താവന നടത്തിയതിന് ശാസന പോര. (....മൈക്ക് ഓഫ്....) പ്രോ-വൈസ്ചാൻസലറെ സഭയിൽ വിളിച്ച് ഈ പ്രശ്നത്തെക്കുറിച്ച് ചോദിക്കണം.

മി. സ്പീക്കർ : അതിനെ സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു.

നിയമനിർമ്മാണകാര്യം (തുടർച്ച)

(ii) 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

3.29 PM]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ...(ബഹളം).....

ശ്രീ. സി. ദിവാകരൻ : .....(മൈക്ക് ഓഫ്).....

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly